DESPATCHED
On 10/06/2020

17/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.818(2)/2019/എസ്.ഐ.സി**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.5475/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.സി.സുരേഷ്
കായിക്കേരി, ഉദയനാപുരം പി.ഒ
വൈക്കം-686 143 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
കോട്ടയം

2. അപ്പീൽ അധികാരി ആന്റ്
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടറാഫീസ്
കോട്ടയം } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.11.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.12.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 19.01.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.03.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.03.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനും തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 15.10.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ ടിയാന്റെ അക്കൗണ്ട് പഞ്ചായത്ത് സർവ്വീസിലേയ്ക്ക് മാറ്റാൻ ടിയാൻ ഡി.ഡി.പി മുഖാന്തിരം സമർപ്പിച്ച അപേക്ഷ ബഹു. എ.ജി കേരളയ്ക്ക് അയച്ചിട്ടുണ്ടെങ്കിൽ അപ്രകാരം അയച്ച കത്തിന്റെ പകർപ്പ് നൽകാനും ഇനം 2–ൽ അപ്രകാരം ടി അപേക്ഷ അയച്ചു കൊടുത്തിട്ടും ബഹു.എ.ജി നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ടി കാര്യത്തിന് എന്നെങ്കിലും ഓർമ്മക്കുറിപ്പ് ആയച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകണമെന്നും തുടങ്ങി 22 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 16.11.2018 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 20.12.2018 ൽ അപ്പീൽ അപേക്ഷ നൽകുകയും, 19.01.2019 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു.

4. 14.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയിൽ 22 ചോദ്യങ്ങൾക്കും മറുപടി നൽകിയിട്ടുണ്ടെന്നും, ആക്ഷേപം ഉന്നയിച്ച് സമർപ്പിച്ച് നൽകിയ അപ്പീൽ തീർപ്പ് കൽപിച്ച് കൊണ്ട് മറുപടി എല്ലാം നൽകിയിട്ടുണ്ടെന്നും, അപേക്ഷൻ സമർപ്പിച്ച ചോദ്യങ്ങളിൽ ഭൂരിഭാഗവും കാലയളവോ ഫയൽ നമ്പരോ രേഖപ്പെടുത്താത്തതും വ്യക്തതയില്ലാത്തതുമാണെന്നും ടിയാൻ 4.11.1997 ൽ പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ച് 2 മാസത്തിനുശേഷം തിരികെ പോലീസ് വകുപ്പിലേയ്ക്ക് പോകാനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്ന് അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ടെന്നും, 21 വർഷങ്ങൾക്ക് ശേഷമാണ് ടിയാൻ അന്ന് സമർപ്പിച്ച അപേക്ഷയ്ക്ക് നടപടി സ്വീകരിച്ചിട്ടില്ലെന്ന് കാണിച്ച് വിവരാവകാശ അപേക്ഷ നൽകിയതെന്നും, ടി അപേക്ഷയിലൂടെ ഹർജിക്കാരന്റെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരമാണ് ഉദ്ദേശിക്കുന്നതെന്നും, 1997 മുതലുള്ള ടി ഓഫീസിൽ ലഭ്യമായ ഫയലുകൾ പരിശോധിക്കുന്നതിനും, ആവശ്യമായ പകർപ്പ് എടുക്കുന്നതിനുമുള്ള സൗകര്യം അപേക്ഷകൻ നൽകുന്നതാണെന്നും ബോധിപ്പിക്കുന്നുവെന്നാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്ക് അപ്പീൽ സമയത്ത് എല്ലാ മറുപടിയും നൽകിയതായി പറഞ്ഞതിൽ ആയത് അയച്ചതിന്റെ ഡെസ്പാച്ച് രജിസ്റ്ററിന്റെ കോപ്പി നൽകണമെന്ന് ഹിയറിംഗ് സമയത്ത് കമ്മീഷൻ നിർദ്ദേശിക്കുകയും 06.02.2020 ന് സമർപ്പിച്ച റിപ്പോർട്ടിൽ ടി രേഖകൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ചെയ്തു. ആയതിനാൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടുകൾ ഹർജിക്കാന് നൽകണമെന്ന നിർദ്ദേശത്തോടെ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res